## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2088 — 08/03/2018-ൽ മറുപടിക്ക്

### കാഞ്ഞിരംപാറയിൽ മൈക്രോ ജലവൈദ്യുത പദ്ധതി

| | ചോദ്യം<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | രാജ്യത്തെ ആദ്യത്തെ മൈക്രോ ജല വൈദ്യുത പദ്ധതി കാഞ്ഞിരംപാറയിൽ കിള്ളിയാറിന് കുറുകെയുള്ള കാട്ടുവെട്ടി പാലത്തിനരികിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | നിലവിലുള്ള വിവരം അനുസരിച്ച് രാജ്യത്തെ ആദ്യത്തെ 'വോർടെക്സ്' സാങ്കേതികവിദ്യ വച്ചുള്ള ആദ്യത്തെ കോമേഴ്സ്യൽ മൈക്രോ വിഭാഗത്തിൽപെടുന്ന ചെറുകിടജലവൈദ്യുത പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിനു കുറുകെ കാട്ടുവെട്ടിയിൽ പണി ആരംഭിച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതി 2018 മേയ് മാസത്തിൽ കമ്മീഷൻ ചെയ്യുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | എങ്കിൽ എത്ര കിലോവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നത്; | (ബി) | 20kW (20 കിലോ വാട്ട്) |
| (സി) | പ്രസ്തുത പ്രോജക്ടിന്റെ ആകെ ചെലവ് എത്രയെന്നും ആരാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ? | (സി) | ഈ പദ്ധതിയുടെ നിർമ്മാണത്തിനുള്ള ആകെ ചെലവ് 40.8ലക്ഷം രൂപയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ ഊർജ്ജവകുപ്പിനു കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററാണ്. പദ്ധതി പൂർത്തീകരിച്ച് തിരുവനന്തപുരം കോർപ്പറേഷന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ